# കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിക്കുന്ന ഉത്തരവ്.

RCS/3721/2020-EB(1)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി : 03.05.2021
Website : www.cooperation.kerala.gov.in
Email : keralarcs.cop@kerala.gov.in

വിഷയം :- സഹകരണ വകുപ്പ് - കോവിഡ്-19 വ്യാപനം - സഹകരണ സംഘം രജിസ്ട്രാറുടെ ആഫീസ്, ആഡിറ്റ് ഡയറക്ടറുടെ ആഫീസ്, ജില്ലാ താലൂക്ക് തല ആഫീസുകളുടെ പ്രവർത്തനം ക്രമീകരിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:- ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പിന്റെ 30.04.2021-ലെ ജി.ഒ.(ആർ.റ്റി) നം.391/2021/ഡി.എം.ഡി. നമ്പർ ഉത്തരവ്.

കോവിഡ്-19 അധിവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് അവശ്യ സേവന വകുപ്പുകൾ ഒഴികെയുള്ള വകുപ്പുകളുടെ പ്രവർത്തനം അവശ്യമായ ജീവനക്കാരെ മാത്രം ഉൾപ്പെടുത്തിക്കൊണ്ട് ക്രമീകരിക്കുന്നതിന് മേൽ സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിന് അനുസരണമായി സഹകരണ വകുപ്പ് ആഫീസുകളുടെ പ്രവർത്തനം 04.05.2021 മുതൽ 07.05.2021 വരെ ദൈനംദിന പ്രവർത്തികൾക്ക് തടസ്സം വരാത്ത തരത്തിൽ അത്യാവശ്യമുള്ള ജീവനക്കാർ മാത്രം ഹാജരായി ജോലികൾ ക്രമീകരിക്കുന്നതിന് ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

## ഉത്തരവ്

സഹകരണ സംഘം രജിസ്ട്രാറുടെ ആഫീസിലെ ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്), അഡീഷണൽ രജിസ്ട്രാർ (ജനറൽ), ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം), സഹകരണ ആഡിറ്റ് ഡയറക്ടറുടെ ആഫീസിൽ അഡീഷണൽ ഡയറക്ടർ, ജില്ലാ താലൂക്ക് തല ആഫീസുകളുടെ അവശ്യകാര്യങ്ങൾ തടസ്സം കൂടാതെ നിർവ്വഹിക്കുന്നതിന് അതാത് ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാരെയും ചുമതലപ്പെടുത്തുന്നു.

അടിയന്തിര പ്രാധാന്യമുള്ള ജോലികൾക്ക് ഭംഗം വരാതെ നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുന്നതിന് മേൽ ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്നതനുസരിച്ച്, ബന്ധപ്പെട്ട സെക്ഷനുകളിലെ അസിസ്റ്റന്റ് രജിസ്ട്രാർ/സൂപ്രണ്ട്, ഫെയർ കോപ്പി സൂപ്രണ്ട് ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ ചുമതലകൾ നിർവ്വഹിക്കുന്നതിന് നിർദ്ദേശിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
കെ.സജ്ജാദ്.
അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)
സഹകരണ സംഘം രജിസ്ട്രാർ (ഇൻ ചാർജ്ജ്)

പകർപ്പ്:-
1) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്,
2) സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം,

3) എല്ലാ അഡീഷണൽ രജിസ്ട്രാർ/ഡയറക്ടർമാർക്കും,
4) എല്ലാ ജോയിന്റ് രജിസ്ട്രാർ/ഡയറക്ടർമാർക്കും,
5) സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ എല്ലാ സെക്ഷനുകൾക്കും,
6) ഐ.റ്റി.സെൽ,
7) സ്റ്റോക്ക് ഫയൽ/സ്പെയർ.

//ആജ്ഞാനുസരണം //

ഫോർ അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.എ)